II ഇ.ബി. XV- കേരള നിയമസഭ/XIII-14

## പതിനഞ്ചാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

## ചോദ്യോത്തരങ്ങൾ-സംഗ്രഹം

2025 മാർച്ച് 20, വ്യാഴം

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എ. എൻ. ഷംസീറിന്റെ അധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## വാങ്മൂലം നൽകിയ ഉത്തരങ്ങൾ

62(*391) <u>കണ്ണൂർ വിമാനത്താവള റൺവേ വികസനത്തിന് ഭൂമി ഏറ്റെടുക്കൽ</u>

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ) നൽകിയ മറുപടിയിൽ, കണ്ണൂർ വിമാനത്താവള പദ്ധതിയുടെ റൺവേ വികസനത്തിന് ഏകദേശം 245.33 ഏക്കർ സ്വകാര്യ ഭൂമി ഏറ്റെടുക്കുന്നതിന് 2013-ലെ RFCTLARR ആക്ടുപ്രകാരം 11(1) വിജ്ഞാപനം പ്രസിദ്ധീകരിച്ചിട്ടുണ്ടെന്നും Basic Value Report (ബി.വി.ആർ) നടപടികൾ പൂർത്തീകരിച്ച് ഡീറ്റെയ്ൽഡ് വാല്യൂ സ്റ്റേറ്റ്മെന്റ് (DVS) തയ്യാറാക്കിവരികയാണെന്നും വിലനിർണ്ണയം പൂർത്തിയാക്കി ഭൂമി ഏറ്റെടുക്കുന്നതിനാവശ്യമായ തുക ഡെപ്പോസിറ്റ് ചെയ്യുന്ന

മുറയ്ക്ക് 19(1) പ്രഖ്യാപനം നടത്തി നഷ്ടപരിഹാരത്തുക വിതരണം ചെയ്യുന്നതാണെന്നും സഭയെ അറിയിച്ചു. കുടിയൊഴിപ്പിക്കപ്പെട്ട കുടുംബങ്ങളുടെ പുനരധിവാസത്തിനായി കരട് പാക്കേജ് തയ്യാറാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നുണ്ട്. കീഴല്ലൂർ ഗ്രാമത്തിലെ ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും ഏറ്റെടുക്കൽ നടപടികൾ ത്വരിതപ്പെടുത്തുന്നതിനുമായി മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ ഈ മാസം ബന്ധപ്പെട്ടവരുടെ ഒരു യോഗം ചേരുന്നതാണ്. 11(1) പ്രാഥമിക വിജ്ഞാപനത്തിനുശേഷം ടി വ്യവസ്ഥയിൽ ആവശ്യമെങ്കിൽ ഇളവുനൽകുന്നതിന് കളക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കുടിയൊഴിപ്പിക്കപ്പെട്ട ആളുകൾക്കെതിരെയുള്ള റവന്യൂ റിക്കവറി നടപടികൾ നിർത്തിവയ്ക്കുന്നതിന് നിർദേശം നൽകിയിട്ടുണ്ടെന്നും കിൻഫ്രയിൽനിന്ന് അർത്ഥന ലഭിച്ച 14.650 ഏക്കർ ഭൂമിയുടെ 11(1) പ്രകാരമുള്ള കാലാവധി 16-11-2025-വരെ ദീർഘിപ്പിച്ചിട്ടുണ്ടെന്നും കണ്ണൂർ വിമാനത്താവള വികസനത്തിന്റെ ഭാഗമായി കുടിയൊഴിപ്പിക്കപ്പെട്ട കുടുംബങ്ങൾക്ക് 4(1) പ്രകാരം പലിശയുൾപ്പെടെ നഷ്ടപരിഹാരത്തുക അനുവദിക്കുന്നതാണെന്നും മന്ത്രി കൂട്ടിച്ചേർത്തു. ഭൂമി ഏറ്റെടുക്കൽ നടപടികൾ വേഗത്തിലും സുതാര്യവുമാക്കി നടപടിക്രമങ്ങൾ

ഓൺലൈൻ ആക്കുന്നതിന് ഒരു എൽ.എ.എം.എസ് സോഫ്റ്റ്‌വെയർ വികസിപ്പിക്കുന്ന നടപടികൾ പ്രാരംഭഘട്ടത്തിലാണെന്നും ദേശീയപാതാ വികസനത്തിനായി ഏറ്റെടുത്ത 3503 ഏക്കർ ഭൂമിക്ക് 25120.81 കോടി രൂപയും വികസന പ്രവർത്തനങ്ങൾക്കായി ഏറ്റെടുത്ത 7282.98 ഏക്കർ ഭൂമിക്ക് 31264.712 കോടി രൂപയും നഷ്ടപരിഹാരമായി നൽകിയിട്ടുണ്ടെന്നും ഇത്തരത്തിൽ രാജ്യത്തുതന്നെ ഏറ്റവും കൂടുതൽ ഭൂമി ഏറ്റെടുത്ത് അർഹമായ നഷ്ടപരിഹാരം നൽകിയിട്ടുള്ള സംസ്ഥാനം കേരളമാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

63(*392) <u>പൊതുവിദ്യാഭ്യാസ മേഖലയിൽ കിഫ്ബി മുഖേനയുള്ള പുരോഗതി</u>

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ) നൽകിയ മറുപടിയിൽ, സംസ്ഥാനത്ത് പൊതുവിദ്യാഭ്യാസ മേഖലയിൽ ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പുവരുത്തുന്നതിനും മെച്ചപ്പെട്ട ഭൗതികസൗകര്യങ്ങൾ ഒരുക്കുന്നതിനും ഡിജിറ്റൽ വിദ്യാഭ്യാസം പ്രാവർത്തികമാക്കുന്നതിനും കിഫ്ബി മുഖേനയുള്ള പദ്ധതികൾ ഏറെ സഹായകരമായിട്ടുണ്ടെന്നും പൊതുവിദ്യാലയങ്ങളുടെ ഭൗതിക സൗകര്യ

വികസനത്തിനായി കിഫ്ബി മുഖേന 2,565 കോടിയോളം രൂപയുടെ പദ്ധതികൾക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ടെന്നും മത്സ്യത്തൊഴിലാളി മേഖലയിൽ 57 സ്കൂളുകൾക്ക് 66 കോടി രൂപ കിഫ്ബി ധനസഹായമായി ലഭ്യമായിട്ടുണ്ടെന്നും സഭയെ അറിയിച്ചു. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സ്കൂളുകളെ മികവിന്റെ കേന്ദ്രങ്ങളാക്കുന്ന പദ്ധതിയിലുൾപ്പെടുത്തി ഭൗതിക സൗകര്യ വികസനത്തിനായി ഭരണാനുമതി ലഭിച്ച 973 സ്കൂളുകളിൽ 518 സ്കൂളുകളുടെ നിർമ്മാണം പൂർത്തിയാക്കിയിട്ടുള്ളതും ശേഷിക്കുന്നവയുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിലുമാണ്. കേരള ഇൻഫ്രാസ്ട്രക്ചർ ആൻഡ് ടെക്നോളജി ഫോർ എഡ്യൂക്കേഷൻ (കൈറ്റ്)-ന്റെ നേതൃത്വത്തിൽ കിഫ്ബി മുഖേന 682.06 കോടി രൂപ ചെലവഴിച്ച് നടപ്പിലാക്കിയ ഹൈടെക് സ്കൂൾ, ഹൈടെക് ലാബ് എന്നീ പദ്ധതികളിലൂടെ പൊതുവിദ്യാഭ്യാസരംഗത്ത് ഇൻഡ്യയിലെ ആദ്യത്തെ സമ്പൂർണ്ണ ഡിജിറ്റൽ സംസ്ഥാനമെന്ന നേട്ടം കൈവരിക്കാൻ കേരളത്തിന് കഴിഞ്ഞിട്ടുണ്ട്. 16027 സ്കൂളുകളിൽ ഡിജിറ്റൽ ഉപകരണങ്ങൾ വിതരണം ചെയ്യുകയും 45000 ക്ലാസ് മുറികൾ ഹൈടെക് ആക്കുകയും 11275 പ്രൈമറി വിഭാഗം സ്കൂളുകളിൽ ഹൈടെക് ലാബ് പദ്ധതി നടപ്പിലാക്കുകയും 'സമഗ്ര പ്ലസ്', 'സമ്പൂർണ',

'സഹിതം' 'ലിറ്റിൽകൈറ്റ്സ്' എന്നീ പദ്ധതികളിലൂടെ ഐ.ടി. ഉപകരണങ്ങൾ ഫലപ്രദമായി ഉപയോഗിക്കാനുതകുന്ന ഡിജിറ്റൽ ഉള്ളടക്കം ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. കായികരംഗത്ത് അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും കിഫ്ബി മുഖാന്തരം നിരവധി പദ്ധതികളാവിഷ്കരിച്ച് നടപ്പിലാക്കിവരുന്നുണ്ട്. സർക്കാർ/എയ്ഡഡ് വിദ്യാലയങ്ങളിൽ 8 മുതൽ 12 വരെ ക്ലാസുകൾ സാങ്കേതികവിദ്യ സൗഹൃദമാക്കിയതിലൂടെ ഡിജിറ്റൽ വിടവ് നികത്തുന്നതിനും 'വർണ്ണക്കൂടാരം' പദ്ധതിയിലൂടെ നവീന ആശയങ്ങൾ കുട്ടികളിലേക്കെത്തിക്കുന്നതിനും സാധിച്ചിട്ടുണ്ട്. എല്ലാ കുട്ടികളെയും ഉൾക്കൊള്ളുകയും ഉൾച്ചേർക്കുകയും ചെയ്യുന്ന നിലപാടാണ് പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം, വിദ്യാകിരണം എന്നിവയിലൂടെ സ്വീകരിച്ചിട്ടുള്ളതെന്നും സാങ്കേതിക പ്രശ്നങ്ങളാൽ നിർമ്മാണം മുടങ്ങിയ സ്കൂളുകൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്നും നിരവധി സ്കൂളുകളിൽ കായിക അടിസ്ഥാനസൗകര്യമൊരുക്കാൻ സർക്കാരിന് കഴിഞ്ഞിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

64(*393) **ടൂറിസം മേഖലയിലേക്ക് കൂടുതൽ സഞ്ചാരികളെ ആകർഷിക്കുന്നതിന് പദ്ധതി**

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്) നൽകിയ മറുപടിയിൽ, ആഗോള ടൂറിസം രംഗത്ത് കേരളം ഒരു ബ്രാൻഡ് ആയി ശ്രദ്ധിക്കപ്പെടാനും കൂടുതൽ വിദേശസഞ്ചാരികളെ ആകർഷിക്കുന്നതിനുമായി 2024-ൽ സംഘടിപ്പിച്ച "എന്റെ കേരളം എന്നും സുന്ദരം" ക്യാമ്പയിനുപുറമെ Middle East Campaign 2024, International UK OOH Campaign, International Europe Campaign 2023, Destination Wedding Campaign, WhatsApp Campaign, Holiday Heist, Land of Harmony Video Series എന്നീ അന്തർദേശീയ ക്യാമ്പയിനുകളും "ഹ്യൂമൻ ബൈ നേച്ചർ" എന്ന ബ്രാൻഡ് ക്യാമ്പയിനും സംഘടിപ്പിക്കുകയുണ്ടായെന്നും 2024-25 കാലയളവിൽ സംസ്ഥാനത്ത് വിനോദ സഞ്ചാരികളുടെ എണ്ണത്തിൽ ഗണ്യമായ വർധനവുണ്ടാക്കുന്നതിന് സാധിച്ചിട്ടുണ്ടെന്നും സഭയെ അറിയിച്ചു. കൂടാതെ, ഇൻസ്റ്റഗ്രാം, ഫേസ്ബുക്ക്, യുട്യൂബ്, ട്വിറ്റർ തുടങ്ങിയ വിവിധ പ്ലാറ്റ്ഫോമുകളിലൂടെ Its Kerala Season, The State of Happiness, Love is in the Air തുടങ്ങിയ സോഷ്യൽ മീഡിയ ക്യാമ്പയിനുകളും നടപ്പിലാക്കിവരുന്നു.

ആഭ്യന്തര വിദേശ വിനോദ സഞ്ചാര മേഖലയിൽ സഞ്ചാരികളെ ആകർഷിക്കുന്നതിന് TTF Kolkata, IITM Bangalore, TTF Ahmedabad, IITM Hyderabad, OTM Mumbai, SATTE Delhi, BTF, IITE Bhubaneswar, Tourism Shelter Puthucherry തുടങ്ങിയ വിപണന മേളകളിൽ പങ്കെടുക്കുകയും അന്താരാഷ്ട്ര നഗരങ്ങളിൽ ബിസിനസ് മീറ്റുകൾ സംഘടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ടൂറിസം വിപണന ലക്ഷ്യത്തോടെ ദേശീയ മേളയായ 'കേരള ട്രാവൽ മാർട്ട്', "ബേപ്പൂർ ഇന്റർനാഷണൽ ആർ.ടി ഫെസ്റ്റ് & ടെക്സ്റ്റൈൽ ആർട്ട് ഫെസ്റ്റ് -2023" എന്നിവ സംഘടിപ്പിച്ചിട്ടുണ്ട്. സഞ്ചാരികൾക്ക് വിവിധ ടൂറിസം കേന്ദ്രങ്ങളെക്കുറിച്ച് വിവരങ്ങൾ ലഭ്യമാക്കുന്നതിന് നവീകരിച്ച മൊബൈൽ ആപ്പും വെബ്സൈറ്റും പുറത്തിറക്കിയിട്ടുണ്ടെന്നും വിവിധ ഡിജിറ്റൽ മാർക്കറ്റിങ് ക്യാമ്പയിനുകളിലൂടെ വ്യവസായ മേഖലകളിലുൾപ്പെടെ കൂടുതൽ സാമ്പത്തിക നേട്ടം കൈവരിക്കാനും തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും സാധിച്ചിട്ടുണ്ടെന്നും മന്ത്രി കൂട്ടിച്ചേർത്തു. ചൈന മുതൽ ഓസ്ട്രേലിയ വരെയുള്ള രാജ്യങ്ങളിൽ ടൂറിസം വിപണനത്തിന്റെ ഭാഗമായി "Look East Policy" ആവിഷ്കരിച്ച് മലേഷ്യൻ എയർലൈൻസുമായി ധാരണയുണ്ടാക്കിയിട്ടുണ്ട്. വെൽനെസ് ടൂറിസം മേഖലയിൽ ആയുർവേദത്തിന്റെ

സാധ്യത പ്രയോജനപ്പെടുത്തുന്നതിനായി വെൽനെസ് ആയുർവേദ കോൺക്ലേവ്, MICE (Meeting, Incentives, Conferences and Exhibitions) ടൂറിസം കോൺക്ലേവ് എന്നിവ സംഘടിപ്പിക്കുന്നതാണെന്നും സിനിമ ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിനും CRZ-മായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിച്ച് ബീച്ച് ടൂറിസം മെച്ചപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കുന്നതാണെന്നും വിനോദസഞ്ചാര കേന്ദ്രങ്ങൾ പ്ലാസ്റ്റിക് മുക്തവും ശുചിത്വമുള്ളതുമാക്കുന്നതിന് എം.എൽ.എ.-മാരുടെ നേതൃത്വത്തിൽ ഡെസ്റ്റിനേഷൻ മാനേജ്മെന്റ് കമ്മിറ്റി (DMC) രൂപീകരിച്ച് നടപടികൾ ഏകോപിപ്പിക്കുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

65(*394) <u>പാലങ്ങളുടെ അടിഭാഗങ്ങളിൽ സുസ്ഥിര നഗരസൗന്ദര്യവത്കരണം</u>

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, പൊതു ഇടങ്ങളിൽ സുസ്ഥിര വികസന പദ്ധതികൾ ആവിഷ്കരിക്കുന്നതിന്റെ ഭാഗമായി രൂപംകൊടുത്ത "ഡിസൈൻ പോളിസി" പ്രകാരം പാലങ്ങളുടെ അടിഭാഗങ്ങൾ പൊതു ഇടങ്ങളായി വികസിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടെന്നും ഇതിന്റെ ആദ്യപടിയായി കൊല്ലം റെയിൽവേ ഓവർ ബ്രിഡ്ജിൽ ഓപ്പൺ ജിം, ചെസ്സ്, ബാഡ്മിന്റൺ-വോളീബോൾ കോർട്ടുകൾ,

വാക്കിംഗ് ഏരിയ, ഫുഡ് സ്റ്റാൾ, സ്കേറ്റിംഗ് കോർട്ട് എന്നീ സൗകര്യങ്ങളോടെ നിർമ്മിച്ച "വീ പാർക്ക്" പൊതുജനങ്ങൾക്കായി തുറന്നു നൽകിയിട്ടുണ്ടെന്നും സഭയെ അറിയിച്ചു. പന്നിയങ്കര, മീഞ്ചന്ത, ഗുരുവായൂർ, ദേവദാർ എന്നീ ആർ.ഒ.ബി-കളുടെ അടിഭാഗം 'വി പാർക്ക്' ആയി വികസിപ്പിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. തിരുവനന്തപുരം ബേക്കറി ജങ്ഷൻ മേൽപ്പാലത്തിന്റെ അടിഭാഗം വാൾ ആർട്ടുകളും മ്യൂറൽ പെയിന്റിങ്ങുകളും ഉപയോഗിച്ച് ആകർഷകമാക്കുകയും ഫറോക്ക് പഴയ പാലത്തിനോട് ചേർന്ന് ജനകീയ ഔട്ട് ഡോർ പാർക്ക് സജ്ജീകരിക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതി നടപ്പിലാക്കാനുദ്ദേശിക്കുന്ന സ്ഥലത്തിന്റെ പ്രത്യേകതയ്ക്ക് അനുസരിച്ച് വ്യത്യസ്ത ഘടകങ്ങൾ ഉൾപ്പെടുത്തി ആകർഷകമാക്കുന്നതിന് പരസ്യങ്ങൾ, സി.എസ്.ആർ ഫണ്ട് എന്നിവ ഉപയോഗിക്കുന്ന കാര്യം ആലോചിക്കുന്നതാണ്. പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിലുള്ള പാലങ്ങളുടെ അടിഭാഗം ആകർഷകമാക്കുന്നതിന് എം.എൽ.എ.-മാർ മുൻകൈയെടുക്കണമെന്നും സഹകരണ സ്ഥാപനങ്ങൾ/സ്വകാര്യ സ്ഥാപനങ്ങൾ/സ്വകാര്യ വ്യക്തികൾ/പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവയുടെ പങ്കാളിത്തത്തോടെ പദ്ധതി നടപ്പാക്കുന്നതാണെന്നും

ലഹരിക്കെതിരെയുള്ള പ്രതിരോധമായി പൊതു ഇടങ്ങൾ ആകർഷകമാക്കുകയെന്ന കാഴ്ചപ്പാടാണ് സർക്കാരിനുള്ളതെന്നും ഉപചോദ്യത്തിന് മറുപടിയായി മന്ത്രി അറിയിച്ചു.